**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5051** **15/11/2019- ൽ മറുപടിയ്ക്ക്**

**ജൈവോല്പന്ന വിപണനത്തിനായി ക്ലസ്റ്റർ മാർക്കറ്റുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബി.സത്യൻ<br>ശ്രീ. സി.കൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ജൈവ കൃഷി രീതികൾ അവലംബിക്കുന്ന കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് നേരിട്ടുള്ള വിപണനം നടത്തുന്നതിനായി ക്ലസ്റ്റർ മാർക്കറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരള ഓർഗാനിക് എന്ന ബ്രാൻഡ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) ഉണ്ട്.<br>പൂർണ്ണമായും ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള വിപണികളും ആരംഭിച്ചിട്ടുണ്ട്.<br>ജിഎപി സർട്ടിഫിക്കേഷനോടു കൂടിയ തിരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് തരംതിരിച്ച് , ഗ്രേഡ് ചെയ്ത് "കേരള ഓർഗാനിക്" ലേബലോടു കൂടിയ "സുരക്ഷിത പച്ചക്കറികൾ" പരിസ്ഥിതി സൗഹൃദമായ പായ്ക്കറ്റുകളിലാണ് വിപണനം നടത്തുന്നത്. ഇത്തരം ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ജൈവ ക്ലസ്റ്ററുകളുടെ നേരിട്ടുള്ള വിപണി വഴിയും ഇക്കോഷോപ്പ് വഴിയും വിപണനം നടത്തുന്നുണ്ട്. നിലവിൽ ഇത്തരം 241 ഇക്കോഷോപ്പുകളും 32 |

നേരിട്ടുള്ള വിപണികളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പിന്റെ വിൽപ്പനശാലകൾ വഴി കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന വിഷരഹിത പച്ചക്കറികൾ പ്രത്യേക ലേബലിൽ വിറ്റഴിക്കുന്നുണ്ട്.

Sreedathan

**സെക്ഷൻ ഓഫീസർ**